നം. എച്ച് 5 – 187400/2019

കളക്ടറേറ്റ്, തിരുവനന്തപുരം.
സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്
തീയതി. 28.04.2020

മഴക്കാല പൂർവ്വശുചീകരണം 2020 മായി ബന്ധപ്പെട്ട് ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തികൊണ്ട് 28.04.2020 ൽ വിളിച്ച ചേർത്ത യോഗത്തിന്റെ നടപടിച്ചുരുക്കം.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം കൃത്യം 2.00 മണിക്ക് തന്നെ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. ഡോ. എ. ശശികുമാർ, നഗരസഭ ഹെൽത്ത് ഓഫീസർ, തിരുവനന്തപുരം.
2. ശ്രീമതി. ത്രേസ്യാമ്മ ആന്റണി, ഡിഡിപി, തിരുവനന്തപുരം.
3. ശ്രീ. റോയ് മാത്യൂ, സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
4. ശ്രീ. സജി എൽ.ടി., സെക്രട്ടറി, വർക്കല മുനിസിപ്പാലിറ്റി.
5. ശ്രീമതി. ശശികല എസ്. ആർ., ASO, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.
6. ശ്രീമതി. ശ്രീജ ബി.എസ്., ഹെഡ് ക്ലർക്ക്, ദാരിദ്ര ലഘൂകരണ മിഷൻ.
7. ശ്രീ. സജു എസ്., എക്സി. എഞ്ചിനീയർ, ജലസേചന വകുപ്പ്.
8. ശ്രീ. അനീഷ് ഡബ്ല്യൂ., അസി. എഞ്ചിനീയർ, ജലസേചന വകുപ്പ്
9. ശ്രീ. അനിൽ കുമാർ കെ., അസി.എക്സി. എഞ്ചിനീയർ, ജലസേചന വകുപ്പ്.
10. ശ്രീ. കെ. ഗോപകുമാർ, അസി. എഞ്ചനീയർ, വൻകിട ജലസേചന വകുപ്പ്.
11. ശ്രീമതി. ബിന്ദു സി.എസ്., അസി.എക്സി. എഞ്ചിനീയർ, വൻകിട ജലസേചന വകുപ്പ്.
12. ശ്രീ. സുനിൽകുമാർ പി.കെ., എച്ച് എസ്., നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി.
13. ശ്രീ. ലിജോയ് എൽ., ജെഎച്ച്ഐ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി.
14. ശ്രീ. വിശ്വനാഥൻ എസ്., സെക്രട്ടറി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി.
15. ശ്രീ. ശശാങ്കൻ നായർ സി.എസ്., ഡെ. ചീഫ് എഞ്ചി., കെഎസ്ഇബി. കാട്ടാക്കട.
16. ശ്രീ. ഡോൺ കെ.എസ്., ഡെ. ചീഫ് എഞ്ചി., കെഎസ്ഇബി. തിരുവനന്തപുരം.
17. ശ്രീ. വിനീത് വി.എസ്., ഫീൽഡ് എഞ്ചിനീയർ, കെആർഎഫ്ബി.
18. ശ്രീ. ഗിരീഷ് കുമാർ ജി., മാനേജർ, TRDCL.
19. ശ്രീമതി. രാജലക്ഷ്മി, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം.
20. ശ്രീ. ശ്രീകാന്ത് എം., AE.
21. ശ്രീമതി. ലക്ഷ്മി എം., എക്സി. എഞ്ചിനീയർ, വാട്ടർ അതോറിറ്റി.
22. ശ്രീ. ബിജു പി.ബി., അസി. എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം.
23. ശ്രീ. സി. ഹരികുമാർ, അസി.എക്സി.എഞ്ചി., പൊതുമരാമത്ത് വകുപ്പ്, സിറ്റി.
24. ശ്രീ. എസ്. നാരായണൻ, സെക്രട്ടറി, നെടുമങ്ങാട് മുനിസിപ്പാലിറ്റി.
25. ശ്രീ. അഭിലാഷ് ആർ.ജെ., അസി. മാനേജർ, ക്ലീൻ കേരള കമ്പനി.
26. ശ്രീ. തമ്പി ആർ.എം., അസി.എക്സി.എഞ്ചി., പൊതുമരാമത്ത് നിരത്തുകൾ വിഭാഗം.

27. ശ്രീ. എം.എസ്. അനിൽകുമാർ, എഡിസി (ജനറൽ)
28. ശ്രീമതി. ദീപ എൽ. എസ്., സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

യോഗത്തിൽ എത്തിച്ചേർന്നവർക്ക് അധ്യക്ഷൻ സ്വാഗതം പറഞ്ഞു. കൊവിഡ്19 രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് കൊണ്ട് നഗരസഭകളിലെ ശുചീകരണ പ്രവർത്തനങ്ങളും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ലോക്ക്ഡൗൺ വ്യവസ്ഥകൾക്കു വിധേയമായും, ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കേണ്ടുന്ന സേവനങ്ങൾ യഥാസമയം സ്വീകരിച്ചും, സൂചന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും, നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവർ നാളിതുവരെ ചെയ്തിട്ടുള്ള ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഇനിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനും തീരുമാനമെടുത്ത് തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായിട്ടാണ് ഈ യോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്നും ആമുഖമായി അധ്യക്ഷൻ അറിയിച്ചു.

തുടർന്ന് 2020 ലെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ കൊവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് എപ്രകാരം നടപ്പിലാക്കണമെന്നും, ആയതിനായി ഇതേ വിഷയവുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലേയും, ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആയവ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ യോഗത്തെ അറിയിച്ചു. കൊവിഡ്19 രോഗപ്രതിരോധത്തിന്റെ ഭാഗമായിട്ടുള്ള ലോക്ക്ഡൗൺ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നുള്ള സാഹചര്യത്തിൽ ഹരിതകർമ്മ സേനാംഗങ്ങൾക്കും, അതുപോലെ, മഴക്കാല ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും വാഹന സൗകര്യം ഏർപ്പെടുത്തുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വെഹിക്കിൾ പാസ് അനുവദിക്കുന്നതിനും, ഇത്തരം വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി ആവശ്യമുള്ള പക്ഷം വർക്ക്ഷോപ്പുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും ജില്ലാഭരണകൂടം സ്വീകരിക്കുന്നതാണെന്നും ഡെപ്യൂട്ടി കളക്ടർ യോഗത്തെ അറിയിച്ചു.

മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി കൂടിയും ജില്ലയിലെ എല്ലാ സർക്കാർ ഓഫീസുകളും അണുവിമുക്തമാക്കുന്നതിനുള്ള നടപടികൾ ഫയർ ഫോഴ്സ് സ്വീകരിക്കുന്നതാണെന്ന് ജില്ലാ ഫയർ ഓഫീസർ അറിയിച്ചതിനെത്തുടർന്ന് ജില്ലാ ഭരണകൂടം അത് സ്വാഗതം ചെയ്യുന്നുവെന്നും അധ്യക്ഷൻ അറിയിച്ചു.

## തീരുമാനങ്ങൾ

1. സർക്കാർ ഉദ്യോഗസ്ഥർക്ക് അവരുടെ ജോലിസ്ഥലത്തേക്ക് എത്തിച്ചേരുന്നതിനായി ഒരു ജില്ലയുടെ അതിർത്തി കടന്ന് യാത്ര ചെയ്യുന്നതിനായി നിലവിൽ അനുമതി ഉണ്ട്. എന്നാൽ ഇത്തരം കേസുകളിൽ ജീവനക്കാരുടെ തിരിച്ചറിയൽ രേഖകൾ കാണിച്ചാൽ കൂടി ഇവരെ കടത്തിവിടുന്നതിന് പോലീസ് ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ല എന്നും, ഇക്കാര്യം അടിയന്തരമായി പരിശോധിച്ച് ടി കേസുകളൽ അനുകൂലമായ നടപടി സ്വീകരിക്കണമെന്നുള്ള അഭിപ്രായം പരിഗണിച്ച് ആയത് പരിശോധിക്കുവാൻ ജില്ലാ പോലീസ് മേധാവിക്ക് നിർദേശം നൽകുവാൻ തീരുമാനിച്ചു. **( നടപടി - ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ പോലീസ് മേധാവികൾ (സിറ്റി & റൂറൽ) )**
2. നദികളിലെ നീരൊഴുക്ക് തടസ്സപ്പെടുത്തി മരങ്ങൾ ഒടിഞ്ഞുവീണ് നദികളിൽ കിടക്കുന്നുവെന്നും, പ്രത്യേകിച്ച് കരമനയാറ്റിൽ ഇത്തരത്തിലുള്ള രൂക്ഷമായ പ്രശ്നങ്ങളുണ്ടെന്നും മരങ്ങളും മാലിന്യങ്ങളും അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള നടപടികൾ വൻകിട ജലസേചന വകുപ്പ് സ്വീകരിക്കണമെന്നും, കൂടാതെ ജില്ലയിൽ മറ്റു നദികളിലെ മാലിന്യം  മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ ചെറുകിട ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കണമെന്നും തീരുമാനമെടുത്തു. **(നടപടി - എക്സി. എഞ്ചിനീയർ, വൻകിട ജലസേചന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്)**
3. അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന മരങ്ങളും മരച്ചില്ലകളും മുറിച്ചുമാറ്റുന്നതിനുള്ള നടപടികളെ സംബന്ധിച്ചും ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചും മുൻകാലങ്ങളിലെ സർക്കാർ ഉത്തരവ്/പരിപത്രം എന്നിവയ്ക്കു വിധേയമായി *(ദുരന്ത നിവാരണം (റവന്യൂ കെ) വകുപ്പിലെ 22.05.2017 ലെ 161/കെ1/2017-റവ നം. പരിപത്രം പരിശോധിക്കുക)* ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൻ പ്രകാരം, അപകടാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന മരങ്ങളും, മരച്ചില്ലകളും മുറിച്ചുമാറ്റുന്നതിനുള്ള ഉത്തരവാദിത്തം, ടി മരം സ്ഥിതി ചെയ്യുന്ന ഭൂമിയുടെ ഉടമസ്ഥാവകാശമുള്ള വകുപ്പിനു മാത്രമായിരിക്കുന്നതും, ടി വകുപ്പ് തന്നെ തങ്ങളുടെ തനത് ഫണ്ട് വിനിയോഗിച്ച് മരം/മരച്ചില്ലകൾ മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ അലംഭാവം കാണിച്ച് ഒരു അപകടമുണ്ടാകുന്ന പക്ഷം ആയതിന് ഉത്തരവാദികൾ ആ വകുപ്പ് മാത്രമായിരിക്കുന്നതും, ഇതുമായി ബന്ധപ്പെട്ടുള്ള ഒരു സാമ്പത്തിക സഹായവും ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നും ആ വകുപ്പിന് നൽകേണ്ടതില്ലെന്നും തീരുമാനിച്ചു. ആയതിനാൽ ഇത്തരം കേസുകളിൽ കൂടുതൽ ഉത്തരവാദിത്തോടെയും തന്മയത്തോടെയും പ്രവർത്തിക്കുന്നതിനുള്ള നടപടികൾ എല്ലാ വകുപ്പുകളും സ്വീകരിക്കേണ്ടതാണ്. **(നടപടി - എല്ലാ വകുപ്പുകളും)**

4. തിരുവനന്തപുരം നഗര പ്രദേശങ്ങളിലൂടെ ഒഴുകുന്നതും ചെറിയ മഴപെയ്യുമ്പോൾ തന്നെ നഗരത്തിൽ വെള്ളപ്പൊക്കത്തിന് കാരണമാകുകയും ചെയ്യുന്ന പട്ടം തോട് , പഴവങ്ങാടി തോട് , കണ്ണമ്മൂല തോട് തുടങ്ങിയ തോടുകൾ സുഗമമായി നീരൊഴുക്കുന്ന തരത്തിൽ അടിയന്തിരമായി വൃത്തിയാക്കുകയും തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതുമാണ് **(നടപടി : എക്സിക്യൂട്ടീവ് എൻജിനീയർ , ചെറുകിട ജലസേചന വകുപ്പ് )**
5. ദേശീയപാത പൊതുമരാമത്ത് റോഡ് അരികിലുള്ള ഓടകൾ വൃത്തിയാക്കുന്നത് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയാണ്. അത് കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതും, ഫണ്ട് ലഭ്യത, ടെൻഡർ നടപടിക്രമം തുടങ്ങിയ സാങ്കേതിക കാരണങ്ങൾ ഒഴിവുകഴിവായി പറയാൻ പാടില്ലാത്തതുമാണ്. **(നടപടി : എക്സിക്യൂട്ടീവ് എഞ്ചിനീയർ , പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം )**
6. TRDCL/KSTP റോഡുകളുടെ അരികിലുള്ള ഓടകൾ യുദ്ധകാലാടിസ്ഥാനത്തിൽ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. ഇതിനാവശ്യമായ യന്ത്രങ്ങളും, തൊഴിലാളികളെയും കൊണ്ടുവരുന്നതിനുള്ള അനുമതി നൽകുന്നതാണ്. **(നടപടി: മാനേജർ, TRDCL/KSTP, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി)**
7. മഴക്കാല പൂർവ്വ ശുചീകരണം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും, ഈ യോഗ തീരുമാനങ്ങളുടെയും പ്രവർത്തന മേൽനോട്ടവും, മറ്റ് തുടർനടപടികളും സ്വീകരിക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി, ആദ്യ റിപ്പോർട്ട് 02.05.2020 നും, പിന്നീടുള്ളവ എല്ലാ ശനിയാഴ്ചകളിലും നൽകുന്നതിനും ജില്ലാ ശുചിത്വ മിഷനെ ചുമതലപ്പെടുത്തുന്നു. **(നടപടി - കോർഡിനേറ്റർ, ജില്ലാ ശുചിത്വ മിഷൻ)**

തുടർന്ന്, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 02.05.2019 ലെ 100/ഡിസി/2019/തസ്വഭ നം പരിപത്രം പ്രകാരം, ഓരോ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന പരിശോധിക്കുന്നതിനും, ആയതിന്റെ പ്രവർത്തന റിപ്പോർട്ടുകൾ കൃത്യമായി അവലോകനം ചെയ്ത് തുടർ നടപടികൾ സ്വീകരിക്കണമെന്നും, ഗ്രാമപഞ്ചായത്തുകളിലും മാതൃകാപരമായ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്നും, വളരെ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നു പോകുന്ന ഈ അവസ്ഥയിൽ മറ്റൊരു പ്രതിസന്ധി കൂടി നമ്മൾക്ക് താങ്ങാനാവുന്നതല്ലെന്നും, ആയതിനാൽ നിങ്ങളുടെ ഓരോരുത്തരുടെയും ഏകാഗ്രതയും, നിതാന്ത പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാവണമെന്നും ഡെപ്യൂട്ടി കളക്ടർ യോഗത്തെ അറിയിച്ചു. യോഗം 3.15 മണിയോടു കൂടി പര്യവസാനിച്ചു.

**ഡെപ്യൂട്ടി കളക്ടർ (ദുരന്ത നിവാരണം)**

Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...